Draft #12 of File 34353/AC A7-3/2020/AC A 7 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Nov-2021 09:54 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അൺഎയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ-2021-22 അക്കാദമിക വർഷം പുതിയ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾ/അധിക ബാച്ച്/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവക്കായി സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ച കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള ശിപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 6105/AC A 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.11.2021

---

*പരാമർശം:*-1)2021-22 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ/ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി വിവിധ കോളേജുകൾ സമർപ്പിച്ച അപേക്ഷകൾ.

2) സർവ്വകലാശാല ഉത്തരവ് നമ്പർ 2097/എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 20.04.2021

3)സർവ്വകലാശാല ഉത്തരവ് നമ്പർ 2312/എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 03.05.2021

4) സർവ്വകലാശാല ഉത്തരവ് നമ്പർ 2487/എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 21.05.2021

5) സർവ്വകലാശാല ഉത്തരവ് നമ്പർ 2513/എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 24.05.2021

6) സർവ്വകലാശാല ഉത്തരവ് നമ്പർ 2422/ എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 17.05.2021

7) സർവ്വകലാശാല ഉത്തരവ് നമ്പർ 3015/ എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 01.07.2021

8) സർവ്വകലാശാല ഉത്തരവ് നമ്പർ 3417/ എ.സി.എ 7/ 2021/ എം.ജി.യു, തീയതി, 22.07.2021

9)കത്ത് നമ്പർ.34353/എസി.എ7-3/2020/എസി.എ7, തീയതി.07.09.2021.

10)സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ(ആർ.റ്റി)നം.1466/2021/ഉ.വി.വ, തീയതി.02.11.2021.

11)2021 നവംബർ 09 ന് നടന്ന സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവലിൻറെ നടപടിക്രമങ്ങളുടെ ചുരുക്കം ഇനം നമ്പർ. ഒ.എ-1.

**ഉത്തരവ്**

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ 2021-22 അദ്ധ്യയന വർഷം പുതിയ പ്രോഗ്രാമുകൾ/ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി പരാമർശം (1) പ്രകാരം വിവിധ കോളേജുകൾ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച്

പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ പഠന-ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ചുകൊണ്ട് പരാമർശം (2),(3),(4),(5),(6),(7),(8) പ്രകാരം സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 33 കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾ/ബാച്ചുകൾ/സ്ഥിരമായ സീറ്റ് വർദ്ധനവ് എന്നിവയ്ക്കായി സർക്കാരിൻറെ ഭരണാനുമതി ലഭ്യമാകുവാൻ പരാമർശം (9) പ്രകാരം സർവകലാശാല സർക്കാരിലേയ്ക്ക് കത്ത് നൽകുകയും പരാമർശം (10) പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

2021 നവംബർ 09 ന് നടന്ന സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ, പരാമർശം (11) പ്രകാരം, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ആർട്ട്സ് & സയൻസ് കോളേജുകളിൽ സംസ്ഥാന സർക്കാർ 2021-22 അക്കാദമികവർഷത്തേക്ക് ഭരണാനുമതി നൽകിയ ബിരുദ- ബിരുദാനന്തര പ്രോഗ്രാമുകൾക്ക് താഴെപ്പറയുംപ്രകാരം അഫിലിയേഷൻ നൽകുന്നതിനു ശിപാർശ ചെയ്തു.

a. സർക്കാർ ഉത്തരവ് നം. ജി.ഒ (ആർ.റ്റി.) നം.1466/2021/ഉ.വി.വ. തീയതി 02.11.2021 പ്രകാരം 2021-22 വർഷത്തേക്ക് പുതിയതായി ഭരണാനുമതി ലഭിച്ചതായ സ്വാശ്രയ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ടി സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരമുള്ള നിബന്ധനകൾ അംഗീകരിച്ചു കൊണ്ട് സംസ്ഥാനസർക്കാരുമായി ഒപ്പിടേണ്ടതായ സമ്മതപത്രം ഒപ്പിടുന്ന മുറയ്ക്കും ടി നിബന്ധനകൾ പാലിക്കപ്പെടുന്നതായി ബോധ്യപ്പെട്ടതിനു ശേഷവും ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുമായി ഒപ്പിടേണ്ട സമ്മതപത്രം ഒപ്പിട്ടതിന് ശേഷവും മാത്രം 2021-22 വർഷത്തേക്ക് ടി പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകേണ്ടതാണെങ്കിൽ കൂടി സംസ്ഥാന സർക്കാരുമായി നിർദ്ദിഷ്ട മാതൃകയിലുള്ള സമ്മതപത്രം ഒപ്പിടുന്നതിനുള്ള കാലതാമസം പരിഗണിച്ച് പ്രസ്തുത സമ്മതപത്രം 2021 നവംബർ 30-നകം ഒപ്പിട്ടു സർക്കാരിൽ സമർപ്പിച്ചതിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കാമെന്നും സംസ്ഥാന സർക്കാരിൽ നിന്നും തുടർന്ന് ലഭിക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാവുന്ന മുറയ്ക്കു സർവ്വകലാശാലയിൽ സമർപ്പിക്കുന്നതാണെന്നുള്ള വാഗ്ദാനപത്രം, സർവ്വകലാശാലയുമായി ഒപ്പിടേണ്ട സമ്മതപത്രം എന്നിവ അഫിലിയേഷനാവശ്യമായ മറ്റ് രേഖകളോടൊപ്പം മാനേജ്മെൻറുകളിൽ നിന്നും സ്വീകരിച്ചുകൊണ്ട് അഫിലിയേഷൻ നൽകാവുന്നതാണ്.

b. സർവ്വകാലശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ 2021-22 അക്കാദമിക വർഷത്തെ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം 25.11.2021നു പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ മേൽപരാമർശ സർക്കാർ ഉത്തരവനുസരിച്ച് ഭരണാനുമതി ലഭിച്ച ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം നിലവിലെ ബിരുദ ഏകജാലക പ്രക്രിയയുടെ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള പ്രവേശനത്തിൻറെ രണ്ടാം ഘട്ടത്തിനു മുൻപായി ഏകജാലക പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ അഫിലിയേഷൻ അനുവദിക്കുന്ന പ്രോഗ്രാമുകളിലെ പ്രവേശനം നിലവിലെ ഡേറ്റ് ഓഫ് ക്ലോസിംഗ് ഓഫ് അഡ്മിഷൻ ആയ 25.11.2021 നു മുൻപായി പൂർത്തീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ സപ്ലിമെൻററി അലോട്മെൻറിനായുള്ള രജിസ്ട്രേഷനു മുൻപ് അഫിലിയേഷൻ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനം 2021-22 അക്കാദമിക വർഷം കേന്ദ്രീകൃത ഏകജാലക പ്രക്രിയയിലൂടെ

Draft #12 of File 34353/AC A7-3/2020/AC A 7 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Nov-2021 09:54 PM - Page 2

അനുവദിക്കാവുന്നതാണ്.

c. നിലവിൽ ഫീസ് നിജപ്പെടുത്തിയിട്ടില്ലാത്ത എല്ലാ സ്വാശ്രയ ബിരുദ പ്രോഗ്രാമുകൾക്കും സർക്കാർ ഉത്തരവ് നം ജി.ഒ.(എം.എസ്.) നം.209/2013/ഉ.വി.വ തീയതി 29.05.2013-ലെ ക്രമ.നം. 3 പ്രകാരമുള്ള ഫീസ് (ഒരു സെമസ്റ്ററിനു 18,750/- രൂപ) ഈടാക്കുന്നതിനും സ്വാശ്രയ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പ്രസ്തുത സർക്കാർ ഉത്തരവിലെ തന്നെ ക്രമ നം. 6 പ്രകാരമുള്ള ഫീസ് (ഒരു സെമസ്റ്ററിനു 22500/- രൂപ) ഈടാക്കുന്നതിനും അനുമതി നൽകുന്നതിനും ഇത്തരം പ്രോഗ്രാമുകളുടെ ഫീസ് അടിയന്തിരമായി നിശ്ചയിക്കുന്നതിനും സർക്കാരിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

ടി ശിപാർശകൾ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ/മാനേജർ, അൺഎയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ.
2.വി.സി, പി.വി.സി എന്നിവരുടെ പി.എസ്-മാർ.
3.രജിസ്ട്രാർ, എഫ്.ഒ, സി.ഇ എന്നിവരുടെ പി. എ -മാർ.
4 .ജെ.ആർ II (ഭരണ വിഭാഗം), ഡി.ആർ I,എ.ആർ I ( അക്കാദമിക് വിഭാഗം),ജെ.ആർ I ( പരീക്ഷ).
5.എ.സി.സി I(സിന്ഡിക്കേറ്റ് വിഭാഗം)
6.റെക്കോർഡ്സ് വിഭാഗം,കണ്ടൻറ് മാനേജ്മെൻറ് വിഭാഗം.
7. എ.സി.ബി.6
8.പി.ആർ.ഒ.
9.എൻക്വയറി/ഐ.ക്യൂ.എ.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #12 of File 34353/AC A7-3/2020/AC A 7 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Nov-2021 09:54 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം